**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2241** **11-10-2021 - ൽ മറുപടിയ്ക്ക്**

**കല്ലുവാതുക്കൽ ഗ്രാമ പഞ്ചായത്ത് വിഭജനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ ജി എസ് ജയലാൽ** | | **Shri M. V. Govindan Master**<br>**(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | ചാത്തന്നൂർ മണ്ഡലത്തിലെ കല്ലുവാതുക്കൽ ഗ്രാമപഞ്ചായത്തിന്റെ വിസ്തൃതി, ജനസംഖ്യ, വാർഡുകളുടെ എണ്ണം എന്നിവ എത്രയാണെന്ന് അറിയിക്കാമോ; | (എ) | കല്ലുവാതുക്കൽ ഗ്രാമപഞ്ചായത്തിന്റെ വിസ്തൃതി 38 ച.കി.മി ആണ്. ജനസംഖ്യ 52541 ആണ്. (2011 സെൻസസ്) ഈ ഗ്രാമപഞ്ചായത്തിലെ വാർഡുകളുടെ എണ്ണം 23 ആണ്. |
| (ബി) | ആയതിന്റെ അടിസ്ഥാനത്തിൽ കല്ലുവാതുക്കൽ ഗ്രാമപഞ്ചായത്ത് വിഭജിക്കേണ്ടതാണെന്നും പുതിയൊരു ഗ്രാമപഞ്ചായത്ത് രൂപീകരിക്കേണ്ടതാണെന്നും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിശോധനയ്ക്ക് വിധേയമാക്കിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; | (ബി) | ഉണ്ട്. |
| (സി) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അതിർത്തി പുനർനിർണയിക്കേണ്ടതിന്റെ ആവശ്യകത പരിശോധിക്കാൻ നിയോഗിച്ച സമിതി ശിപാർശകൾ സമർപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ടി ശിപാർശകൾ സംബന്ധിച്ച് സ്വീകരിച്ച തുടർനടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ; | (സി) | ഗ്രാമ പഞ്ചായത്തുകൾ വിഭജിച്ച പുതിയ ഗ്രാമ പഞ്ചായത്തുകൾ രൂപീകരിക്കേണ്ട ആവശ്യകതയും നഗരവത്കരണത്തിന്റെ പശ്ചാത്തലത്തിൽ നഗര സ്വഭാവം കൈവരിച്ച ഗ്രാമ പഞ്ചായത്തുകളെ നഗരസഭകളായി പരിവർത്തനം ചെയ്യേണ്ട ആവശ്യകതയും നിലവിലുള്ള ബ്ലോക്ക് പഞ്ചായത്തുകളുടെയും നഗരസഭയുടെയും അതിർത്തി പുനർനിർണ്ണയിക്കേണ്ട ആവശ്യകതയും നഗരസഭകളുടെ പദവി ഉയർത്തുന്ന ആവശ്യകതയും പരിശോധിച്ച് ശുപാർശകൾ സമർപ്പിക്കാനായി ഒരു സമിതി നേരത്തേ രൂപീകരിച്ചിരുന്നു. പ്രസ്തുത സമിതി സമർപ്പിച്ച ശുപാർശ സർക്കാർ അംഗീകരിച്ചിരുന്നു. കൂടാതെ ശുപാർശകളുടെ അടിസ്ഥാനത്തിൽ കേരളത്തിൽ രൂപികരിക്കാൻ കഴിയുന്ന പുതിയ ഗ്രാമ പഞ്ചായത്തുകളുടെയും അതിർത്തി പുനർനിർണയിക്കേണ്ട ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുകളുടെയും സാധ്യതാ പട്ടിക തയ്യാറാക്കി സമർപ്പിക്കാൻ തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറെ ചുമതലപ്പെടുത്തിയിരുന്നു. ആയതിൻ പ്രകാരം സർക്കാർ മാനദണ്ഡം അനുസരിച്ചും പ്രദേശത്തിന്റെ സവിശേഷതകൾ |

| | | | |
|---|---|---|---|
| | | | ആധാരമാക്കിയും കേരളത്തിൽ പുതുതായി രൂപീകരിക്കേണ്ട/ വിഭജിക്കേണ്ട/ അതിർത്തി പുനർനിർണ്ണയിക്കേണ്ട ഗ്രാമപഞ്ചായത്തുകളുടെയും ബ്ലോക്ക് പഞ്ചായത്തുകളുടെയും സാധ്യതാ പട്ടിക തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ സമർപ്പിക്കുകയുണ്ടായി. സർക്കാർ ഈ കാര്യങ്ങൾ പരിശോധിക്കുകയും ചുവടെ ചേർത്തിരിക്കുന്ന കാരണങ്ങൾ പരിഗണിച്ച് പുതിയ ഗ്രാമപഞ്ചായത്തുകൾ രൂപീകരിക്കേണ്ടതില്ല എന്ന് തീരുമാനിക്കുകയും ചെയ്യുകയുണ്ടായി. കൂടുതൽ ഗ്രാമപഞ്ചായത്തുകൾ രൂപീകരിക്കുന്നതുകൊണ്ട് വലിയ സാമ്പത്തിക ബാധ്യത സർക്കാരിനുണ്ടാകും. അത്രയും ബാധ്യത സർക്കാരിന് ഏറ്റെടുക്കാൻ കഴിയില്ല. 2020 ഒക്ടോബർ മാസത്തോടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള തെരഞ്ഞെടുപ്പ് നടത്തേണ്ടുന്നതിനാലും തെരഞ്ഞെടുപ്പിന് ഒരു വർഷം പോലും അവശേഷിക്കാത്ത ആ സാഹചര്യത്തിൽ പഞ്ചായത്ത് വിഭജനവും വാർഡ് വിഭജനവും വോട്ടർ പട്ടിക തയ്യാറാക്കലും പ്രായോഗികമായി പൂർത്തീകരിക്കാൻ പ്രയാസമുള്ളതുമായിരുന്നു. |
| (ഡി) | കല്ലുവാതുക്കൽ ഗ്രാമപഞ്ചായത്ത് വിഭജിച്ച് പാരിപ്പള്ളി പഞ്ചായത്ത് രൂപീകരിയ്ക്കുന്നതുമായി ബന്ധപ്പെട്ട് എന്തെല്ലാം തടസ്സങ്ങളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ? | (ഡി) | 13/11/2019-ലെ സ.ഉ (കൈ) നം. 143/2019/ ത.സ്വ.ഭ.വ പ്രകാരം പുതിയ ഗ്രാമ പഞ്ചായത്തുകൾ രൂപീകരിക്കേണ്ടതില്ല എന്ന് സർക്കാർ തീരുമാനം എടുത്തിട്ടുള്ളതാണ്. |

സെക്ഷൻ ഓഫീസർ

'ഭരണഭാഷ- മാതൃഭാഷ'

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - പുതിയ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ രൂപീകരണം/ വിഭജനം/ പുനസംഘടന, നഗരവൽക്കരണം, അതിർത്തി പുനർനിർണ്ണയം - പുതിയ ഗ്രാമപഞ്ചായത്തുകൾ രൂപീകരിക്കേണ്ടതില്ല എന്ന് തീരുമാനിച്ച് ഉത്തരവാകുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇ.എം) വകുപ്പ്**

**സ.ഉ.(കൈ) നം.143/2019/ത.സ്വ.ഭ.വ   തീയതി, തിരുവനന്തപുരം, 13/11/2019**

---

പരാമർശം: 1 സ.ഉ. (സാധാ) നം .877/2018/ത.സ്വ.ഭ.വ, തീയതി : 28.03.2018.

2 സ.ഉ. (കൈ) നം. 23/2019/ത.സ്വ.ഭ.വ, തീയതി : 13/2/2019.

3 തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 11.10.2019 ലെ ബി.2681/2018/പി.ഡി-എൽ.എസ്.ജി.ഡി നമ്പർ കത്ത്.

**ഉത്തരവ്**

പരാമർശം 1-ലെ ഉത്തരവ് പ്രകാരം, നിലവിലുള്ള ഗ്രാമ പഞ്ചായത്തുകൾ വിഭജിച്ച പുതിയ ഗ്രാമ പഞ്ചായത്തുകൾ രൂപീകരിക്കേണ്ട ആവശ്യകതയും നഗരവത്കരണത്തിന്റെ പശ്ചാത്തലത്തിൽ നഗര സ്വഭാവം കൈവരിച്ച ഗ്രാമ പഞ്ചായത്തുകളെ നഗരസഭകളായി പരിവർത്തനം ചെയ്യേണ്ട ആവശ്യകതയും നിലവിലുള്ള ബ്ലോക്ക് പഞ്ചായത്തുകളുടെയും നഗരസഭയുടെയും അതിർത്തി പുനർനിർണ്ണയിക്കേണ്ട ആവശ്യകതയും നഗരസഭകളുടെ പദവി ഉയർത്തുന്ന ആവശ്യകതയും പരിശോധിച്ച് ശുപാർശകൾ സമർപ്പിക്കാനായി ഒരു സമിതി രൂപീകരിച്ചിരുന്നു. പ്രസ്തുത സമിതി സമർപ്പിച്ച ശുപാർശ പരാമർശം 2-ലെ ഉത്തരവ് പ്രകാരം സർക്കാർ അംഗീകരിക്കുകയും മേൽ ശുപാർശകളുടെ അടിസ്ഥാനത്തിൽ കേരളത്തിൽ രൂപീകരിക്കാൻ കഴിയുന്ന പുതിയ ഗ്രാമ പഞ്ചായത്തുകളുടെയും അതിർത്തി പുനർനിർണയിക്കേണ്ട ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുകളുടെയും സാധ്യതാ പട്ടിക പരാമർശം 3 പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ സമർപ്പിക്കുകയും ചെയ്തിരുന്നു.

സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. അതിന്റെ അടിസ്ഥാനത്തിൽ ചുവടെ ചേർത്തിരിക്കുന്ന കാരണങ്ങൾ പരിഗണിച്ച് പുതിയ ഗ്രാമപഞ്ചായത്തുകൾ രൂപീകരിക്കേണ്ടതില്ല എന്ന് തീരുമാനിച്ച് ഉത്തരവാകുന്നു.

1. 2021 ലെ സെൻസസിന്റെ ആവശ്യത്തിലേക്ക് 31.12.2019 -ാം തീയതി ഭരണപ്രദേശങ്ങളുടെ അതിരുകൾ ഫ്രീസ് ചെയ്യുമെന്ന് സെൻസസ് വിഭാഗം അറിയിച്ച സാഹചര്യത്തിൽ അവശേഷിക്കുന്ന സമയത്തിനുള്ളിൽ പഞ്ചായത്ത് വിഭജനം പ്രായോഗികമല്ല.

2. 2020 ഒക്ടോബർ മാസത്തോടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള തെരഞ്ഞെടുപ്പ് നടത്തേണ്ടതാണ് . തെരഞ്ഞെടുപ്പിന് ഒരു വർഷം പോലും അവശേഷിക്കാത്ത സാഹചര്യത്തിൽ പഞ്ചായത്ത് വിഭജനവും വാർഡ് വിഭജനവും വോട്ടർ പട്ടിക തയ്യാറാക്കലും ഒരു വർഷത്തിനുള്ളിൽ പൂർത്തീകരിക്കുന്നത് പ്രായോഗികമായി പ്രയാസമുള്ളതാണ്.

3. കൂടുതൽ ഗ്രാമപഞ്ചായത്തുകൾ രൂപീകരിക്കുന്നതുകൊണ്ട് സർക്കാരിനുണ്ടാകുന്ന വലിയ സാമ്പത്തിക ബാധ്യത നീതീകരിക്കത്തക്കതല്ല എന്നതിനാൽ ഇപ്പോൾ ഏറ്റെടുക്കാൻ കഴിയില്ല.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ആർ .എസ് .കണ്ണൻ
സ്പെഷ്യൽ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.

ഡയറക്ടർ, പഞ്ചായത്ത് വകുപ്പ്, തിരുവനന്തപുരം.

കമ്മീഷണർ, ഗ്രാമ വികസന വകുപ്പ്, തിരുവനന്തപുരം.

ഡയറക്ടർ, നഗരകാര്യ വകുപ്പ്, തിരുവനന്തപുരം.

ചീഫ് ടൗൺ പ്ലാനർ, തിരുവനന്തപുരം.

ഡയറക്ടർ, കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ, തൃശ്ശൂർ.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

ഡയറക്ടർ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ

പകർപ്പ് : ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പി.എസ്.